**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2258 09.03.2018-ൽ മറുപടിക്ക്

## ഊരുകൂട്ടങ്ങൾക്ക് പൂർണ്ണാധികാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഊരുകൂട്ടങ്ങൾക്ക് പദ്ധതി ആസൂത്രണത്തിൽ പൂർണ്ണാധികാരം ഉറപ്പുവരുത്തുന്നതിനും മേൽനോട്ട അധികാരം നൽകുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) | പട്ടികവർഗ്ഗ മേഖലകളിൽ പദ്ധതികൾ ആവിഷ്കരിക്കുന്നത് പൂർണ്ണമായും ഊരുകൂട്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിലാണ്. എല്ലാ പദ്ധതികളുടെയും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ഊരുകൂട്ടം മുഖേനയാണ്. ഇതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്നതിന് പ്രാപ്തരാക്കാൻ ഊരുമൂപ്പന്മാർക്കും ഊരിലെ യുവതീ യുവാക്കൾക്കും ബോധവൽക്കരണ സെമിനാറുകളും പട്ടികവർഗ്ഗ മേഖലകളിൽ നടക്കുന്ന എല്ലാ ക്ഷേമ പ്രവർത്തനങ്ങളുടെയും മേൽനോട്ട ചുമതല ഊരുകൂട്ടങ്ങളിൽ നിക്ഷിപ്തമാണ്. |
| ബി) | ഗ്രാമ സഭകൾ / വികസന സെമിനാർ എന്നീ തലങ്ങളിൽ പട്ടികജാതിക്കാരിൽ നിന്ന് ഉയർന്നു വരുന്ന നിർദ്ദേശങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾച്ചേർക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ; | ബി) | ഉണ്ട്. |
| സി) | ഇതിലൂടെ പട്ടികജാതിക്കാരുടെ ഉന്നമനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, അവർ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് മുൻഗണന ലഭിക്കുന്നതിനും ഇടയാകുന്നുണ്ടോ; വ്യക്തമാക്കാമോ? | സി) | ഉണ്ട്.<br>ഗ്രാമസഭ/വികസന സെമിനാർ/കർമ്മ സമിതികൾ എന്നീ തലങ്ങളിൽ പട്ടികജാതിക്കാരിൽ നിന്നും ഉന്നയിക്കപ്പെടുന്ന നിർദ്ദേശങ്ങൾ/ആശയങ്ങൾ എന്നിവ പദ്ധതിയായി ആവിഷ്കരിച്ച് നിർവ്വഹണം നടത്തി ആയത് പട്ടികജാതിക്കാരുടെ ഉന്നമനത്തിന് നടപ്പിലാക്കുന്ന രീതിയാണ് ഇപ്പോൾ ഉള്ളത്. |

**സെക്ഷൻ ഓഫീസർ**